(ഡി) പ്രസ്തുത പദ്ധതിയുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടി ഇതിനകം സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(ഇ) തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിക്ക് വിദേശസഹായം ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) വിഴിഞ്ഞത്ത് തിരമാലയിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രീഡിലേക്ക് കൈമാറാൻ ഉദ്ദേശമുണ്ടോ ;

(ജി) തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി സംസ്ഥാനത്തെ മറ്റേതെങ്കിലും സ്ഥലത്തേക്ക് കൂടി വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എച്ച്) തിരമാല വൈദ്യുതി ഉപയോഗിച്ച് കായൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കാനുള്ള പരീക്ഷണങ്ങൾ വിജയപ്രദമെന്നു കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ഇത്തരം ഒരു പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ കേന്ദ്രസർക്കാരിന്റെ ഓഷ്യൻ ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞത്ത് തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിക്ക് 1991-ൽ തുടക്കം കുറിച്ചു.

(ബി) പരീക്ഷണ ഘട്ടത്തിലാണ്.

(സി) 5 മുതൽ 15 കി.വാട്ട് വരെയാണ്.

(ഡി) വിവിധ ടർണറുകൾ ഉപയോഗിച്ച് പദ്ധതിയുടെ ഉല്പാദന ശേഷി വർദ്ധിപ്പിക്കാൻ കഴിയുമോയെന്ന് പരീക്ഷിച്ചുവരുന്നു.

(ഇ) ഇതു സംബന്ധിച്ച വിവരം ഇപ്പോൾ ലഭ്യമല്ല.

(എഫ്) ഉണ്ട്. (കൈമാറുന്നുണ്ട്.)

(ജി) ഇതു സംബന്ധിച്ചുള്ള വിവരം ഇപ്പോൾ ലഭ്യമല്ല.

(എച്ച്) പദ്ധതി പരീക്ഷിച്ചിട്ടില്ല. പദ്ധതിയ്ക്കാവശ്യമായ കെട്ടിടം, മെഷീനറി എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഉടനെതന്നെ ഈ പദ്ധതി ആരംഭിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം ദിവസേന 10,000 ലിറ്റർ കടൽവെള്ളം ശുദ്ധിചെയ്യണമെന്നാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അറിയിച്ചിട്ടുള്ളത്.

വൈദ്യുതി മേഖലയിലെ പഠന ഗവേഷണങ്ങൾ

56 (1208) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് വൈദ്യുതി മേഖലയിലെ ഉല്പാദനരംഗത്ത് ആരംഭിച്ചിട്ടുള്ള പഠന ഗവേഷണങ്ങൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ മേഖലയിലാണ് പ്രസ്തുത പഠനഗവേഷണങ്ങൾ നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് കശുവണ്ടി തോട്, ചിരട്ട, ഉമി എന്നിവയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരിശ്രമം നടത്തുന്നുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത മേഖലകളിൽ എന്തൊക്കെ നടപടികളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) കശുവണ്ടിത്തോട്, ചിരട്ട, ഉമി എന്നിവയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളെ സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറായി കഴിഞ്ഞുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്തെ ഏതൊക്കെ പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് പ്രസ്തുത വൈദ്യുതി ഉല്പാദന പദ്ധതികൾ ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ജി) കശുവണ്ടിത്തോട്, ചിരട്ട, ഉമി എന്നിവയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിലേക്കായും ഗ്യാസിഫയർ ഉപയോഗിച്ച് വൈദ്യുതോല്പാദനം നടത്തുന്നതിനും വേണ്ട പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(സി&ഡി) കശുവണ്ടി തോടിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ഗവേഷണാടിസ്ഥാനത്തിൽ ഒരു മാതൃകാ ചെറുകിട പദ്ധതി കുണ്ടറയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. പെരുമ്പാവൂർ, കാലടി, കൊല്ലംകോട് എന്നീ പ്രദേശങ്ങളിലെ റൈസ് മില്ലുകളിലെ അധിക ഉമി ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പഠനങ്ങളും നടന്നുവരുന്നു.

(ഇ) കശുവണ്ടി തോടിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളെ സംബന്ധിച്ച് പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. കശുവണ്ടി തോട് ഉപയോഗിച്ച് കുണ്ടറയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന വൈദ്യുതനിലയത്തിന്റെ പവർ പർച്ചേസ് എഗ്രിമെന്റ് വൈദ്യുതി ബോർഡുമായി ഒപ്പിട്ടുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വൈദ്യുതോല്പാദനത്തിനാവശ്യമായ കാർഷികാവശിഷ്ടങ്ങൾ ലഭ്യമാവുന്ന സ്ഥലങ്ങളിലെല്ലാം തന്നെ ഇത്തരം പദ്ധതികൾ തുടങ്ങാൻ ഉദ്ദേശ്യമുണ്ട്. മാതൃകാപദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) 2001-ൽ തന്നെ പദ്ധതികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഊർജ്ജ നയം

57 (1209) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ ഊർജ്ജ നയത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള പരിഷ്ക്കരണ നടപടികളുടെ പുരോഗതി വിശദീകരിക്കാമോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ മുതൽ താഴോട്ട് എത്ര തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇതുമൂലം കെ.എസ്.ഇ.ബി.ക്ക് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര തുക എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ ഊർജ്ജ നയത്തിന്റെ അടിസ്ഥാനത്തിൽ ബോർഡിൽ താഴെ പറയുന്ന പരിഷ്ക്കരണ നടപടികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ബോർഡിന്റെ പുനഃസംഘടനയെ സംബന്ധിച്ച് നിർദ്ദേശം നൽകുന്നതിന് നിയമിച്ച നാല് ടാസ്ക് ഫോഴ്സുകളുടെ റിപ്പോർട്ടുകൾ പരിഗണിച്ചുവരുന്നു.
2. പ്രക്രിയകളുടെ അടിസ്ഥാനത്തിൽ പുനഃക്രമീകരണം നടത്തി ഉല്പാദനം, പ്രസരണം, വിതരണം എന്നിവയ്ക്ക് പൂർണ്ണ ഉത്തരവാദിത്തമുള്ള വെവ്വേറെ പ്രോഫിറ്റ് സെന്ററുകൾ നിലവിൽ വന്നു.
3. പ്രോഫിറ്റ് സെന്ററുകളുടെ അതിർത്തികളിൽ മീറ്ററുകൾ സ്ഥാപിച്ച് വൈദ്യുതിയുടെ കണക്കുകൾ നിജപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.
4. ഉല്പാദന-പ്രസരണ-വിതരണ മേഖലകളുടെ സംയോജിത സാങ്കേതിക പ്രവർത്തനത്തിന് ഗ്രിഡ് കോഡ് നിലവിൽ വന്നു.
5. കംപ്യൂട്ടറൈസേഷൻ രൂപരേഖ നിലവിൽ വന്നു. എച്ച്.റ്റി./ഇ.എച്ച്.റ്റി. ബില്ലിംഗ് കംപ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു.
6. സംസ്ഥാനമൊട്ടാകെ സ്പോട്ട് ബില്ലിംഗ് നിലവിൽ വന്നു.

LIBRARY ARCHIVES Kerala Legislative Assembly